# പതിനാറാം കേരളനിയമസഭ

# കാര്യോപദേശക സമിതി

## മൂന്നാമത് റിപ്പോർട്ട്

കേരളനിയമസഭ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026 ഒക്ടോബർ 13

പതിനാറാം കേരളനിയമസഭ

# കാര്യോപദേശക സമിതി

## മൂന്നാമത് റിപ്പോർട്ട്

കേരളനിയമസഭ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026 ഒക്ടോബർ 13

1337/2026.

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| 1. സമിതിയുടെ ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. 2026 ഒക്ടോബർ 12-ന് ചേർന്ന കാര്യോപദേശക സമിതിയുടെ യോഗനടപടിക്കുറിപ്പ് | .. | 3 |

# കാര്യോപദേശക സമിതി

## ഘടന

<u>എക്സ് - ഒഫീഷ്യോ ചെയർമാൻ</u> :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (സ്പീക്കർ)

<u>അംഗങ്ങൾ :</u>

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. ബി. ബി. ഗോപകുമാർ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. മോൻസ് ജോസഫ്

ശ്രീ. കെ. രാജൻ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. ഷിബു ബേബി ജോൺ

ശ്രീ. പിണറായി വിജയൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി.

# റിപ്പോർട്ട്

സഭാനേതാവും കാര്യോപദേശക സമിതിയംഗവുമായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കാര്യോപദേശക സമിതിയുടെ ഒരു യോഗം 2026 ഒക്ടോബർ 12- ാം തീയതി, തിങ്കളാഴ്ച രാവിലെ 11.20-ന് നിയമസഭാ മന്ദിരത്തിലെ ബി.എ.സി. ഹാളിൽ ചേർന്നു. ബഹു. സ്പീക്കർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. സമിതിയുടെ ശിപാർശകൾ താഴെക്കൊടുത്തിരിക്കുന്നു:

പതിനാറാം കേരളനിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2026 ഒക്ടോബർ 14, 15 എന്നീ സമ്മേളന ദിവസങ്ങളിലെ കാര്യപരിപാടി താഴെപ്പറയും പ്രകാരം ക്രമീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു:

ഒക്ടോബർ 14, ബുധൻ : (1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും:

(i) 2026-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ

(ii) 2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ

(ചർച്ച അവസാനിപ്പിക്കുന്നതാണ്.)

(2) 2026-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും.

(ചർച്ച അവസാനിപ്പിക്കുന്നതാണ്.)

ഒക്ടോബർ 15, വ്യാഴം : (1) 2026-ലെ സരൾ കേരളം ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും.

(ചർച്ച അവസാനിപ്പിക്കുന്നതാണ്.)

(2) ചട്ടം 130 പ്രകാരമുള്ള രണ്ട് നോട്ടീസുകൾ

(ആകെ മൂന്ന് മണിക്കൂർ സമയം)

കൂടാതെ, സമ്മേളന കാലയളവിലെ 2026 ഒക്ടോബർ 26-ന് നിശ്ചയിച്ചിരുന്ന 2026-2027 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെയും 2016-2017, 2017-2018, 2018-2019, 2020-2021, 2021-2022 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും 2026 ഒക്ടോബർ 27-ലേയ്ക്ക് പുനഃക്രമീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

വി. ഡി. സതീശൻ,

കേരളനിയമസഭ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ഒക്ടോബർ 13.

*സഭാ നേതാവും*
*കാര്യോപദേശക സമിതി അംഗവും.*

## 2026 ഒക്ടോബർ 12-ന് ചേർന്ന കാര്യോപദേശക സമിതിയുടെ യോഗനടപടിക്കുറിപ്പ്

കാര്യോപദേശക സമിതിയുടെ ഒരു യോഗം 2026 ഒക്ടോബർ 12- ാം തീയതി, തിങ്കളാഴ്ച രാവിലെ 11.20-ന് നിയമസഭാ മന്ദിരത്തിലെ ബി.എ.സി. ഹാളിൽ (റൂം നമ്പർ 520) ചേർന്നു. ബഹു. സ്പീക്കർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

ശ്രീ. വി. ഡി. സതീശൻ

ശ്രീ. പിണറായി വിജയൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഷിബു ബേബി ജോൺ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. കെ. രാജൻ

ശ്രീ. ബി. ബി. ഗോപകുമാർ

ശ്രീ. സണ്ണി ജോസഫ് (പ്രത്യേക ക്ഷണപ്രകാരം)

ശ്രീ. സി. പി. ജോൺ (പ്രത്യേക ക്ഷണപ്രകാരം)

ശ്രീ. അപു ജോൺ ജോസഫ് (പ്രത്യേക ക്ഷണപ്രകാരം)

ശ്രീ. സജി ചെറിയാൻ (പ്രത്യേക ക്ഷണപ്രകാരം)

ശ്രീ. പി. കെ. പ്രവീൺ (പ്രത്യേക ക്ഷണപ്രകാരം)

ശ്രീമതി കെ. കെ. രമ (പ്രത്യേക ക്ഷണപ്രകാരം).

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി.

പതിനാറാം കേരളനിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2026 ഒക്ടോബർ 14, 15 എന്നീ സമ്മേളന ദിവസങ്ങളിലെ കാര്യപരിപാടി താഴെപ്പറയും പ്രകാരം ക്രമീകരിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഒക്ടോബർ 14, ബുധൻ : (1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും:

(i) 2026-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ

(ii) 2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ

(ചർച്ച അവസാനിപ്പിക്കുന്നതാണ്.)

(2) 2026-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും.

(ചർച്ച അവസാനിപ്പിക്കുന്നതാണ്.)

ഒക്ടോബർ 15, വ്യാഴം : (1) 2026-ലെ സരൾ കേരളം ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും.

(ചർച്ച അവസാനിപ്പിക്കുന്നതാണ്.)

(2) ചട്ടം 130 പ്രകാരമുള്ള രണ്ട് നോട്ടീസുകൾ (ആകെ മൂന്ന് മണിക്കൂർ സമയം)

2026 ഒക്ടോബർ 14-ന് സഭ പരിഗണിക്കുന്ന 2026-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ അന്നേ ദിവസം തന്നെ പാസ്സാക്കുന്നതിനായി കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76 (1) താത്കാലികമായി സസ്പെന്റ് ചെയ്യുന്നതിനും, 2026 ഒക്ടോബർ 15-ന് ഭരണ, പ്രതിപക്ഷ ഭാഗങ്ങളിൽ നിന്നായി ചട്ടം 130 പ്രകാരമുള്ള ഓരോ നോട്ടീസുകൾ വീതം പരിഗണിക്കുന്നതിനും ശിപാർശ ചെയ്യുവാനും സമിതി തീരുമാനിച്ചു.

കൂടാതെ, സമ്മേളന കാലയളവിലെ 2026 ഒക്ടോബർ 26-ന് നിശ്ചയിച്ചിരുന്ന 2026-2027 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെയും 2016-2017, 2017-2018, 2018-2019, 2020-2021, 2021-2022 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും 2026 ഒക്ടോബർ 27-ലേയ്ക്ക് പുനഃക്രമീകരിക്കുന്നതിന് ശിപാർശ ചെയ്യുവാനും സമിതി തീരുമാനിച്ചു.

യോഗം രാവിലെ 11.35-ന് അവസാനിച്ചു.

©
കേരളനിയമസഭ സെക്രട്ടേറിയറ്റ്
2026

കേരളനിയമസഭ പ്രിന്റിംഗ് പ്രസ്സ്.